SET:2

**INDIAN SCHOOL SOHAR**
**PERIODIC TEST- III (2019-20)**
**MALAYALAM**

**CLASS:IX** **MAX. MARKS: 20**
**DATE:12 /01/2020** **DURATION: 40 MINS**

**1.താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

നമ്മുടെ മാതൃഭാഷയായ മലയാളത്തെക്കുറിച്ച് പാടാത്ത കവികളില്ല. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അമ്മയുടെ മുലപ്പാലുപോലെ പ്രധാനമാണ് അവന്റെ മാതൃഭാഷ. മലയാളം മാതൃഭാഷയാകുന്നതുകൊണ്ടാണ് കേരളീയരെ മലയാളികൾ എന്ന് വിളിക്കുന്നത്. മലയാളത്തിന് കെട്ടുറപ്പും സൗന്ദര്യവുമുള്ള ഒരു ഭാഷാശൈലി സമ്മാനിച്ച തുഞ്ചത്തെഴുത്തച്ഛനെയാണ് മലയാളഭാഷയുടെ പിതാവ് എന്ന ബഹുമതി നല്കി നാം ആദരിക്കുന്നത്. തുള്ളൽപ്പാട്ടുകളെഴുതി നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത കുഞ്ചൻ നമ്പ്യാർ, ശ്രീകൃഷ്ണന്റെ ജീവിതകഥ വിവരിക്കുന്ന കൃഷ്ണഗാഥ എന്ന ഒറ്റ കൃതിയിലൂടെ ഇന്നും നാം ഓർമ്മിക്കുന്ന ചെറുശ്ശേരി തുടങ്ങി എത്രയോ മഹാൻമാരാണ് നമ്മുടെ ഭാഷയുടെ വളർച്ചയിൽ പങ്കുവഹിച്ചിട്ടുള്ളത്.

ബുദ്ധി വളർത്തുന്ന കടങ്കഥകളും ചിന്തിപ്പിക്കുന്ന പഴഞ്ചൊല്ലുകളുമെല്ലാം കൈരളി നമുക്കു തന്ന അമൂല്യ രത്നങ്ങളാണ്. അവ പഠിക്കുകയും ശേഖരിക്കുകയും ചെയ്യുന്നത് ഭാഷാപരമായ അറിവിനും വിനോദത്തിനും നല്ലതാണ്.മാതാവിനെയും മാതൃഭാഷയേയും സ്നേഹിക്കുന്നവൻ രാജ്യത്തെയും ഭൂമിയെയും സ്നേഹിക്കും മനസ്സിൽ നൻമയുള്ളവനായി വളരുകയും ചെയ്യും.

a) നമ്മെ മലയാളികൾ എന്നു വിളിക്കുന്നത് എന്തുകൊണ്ട്? (1)
b) കടങ്കഥകളും പഴഞ്ചൊല്ലുകളും പഠിക്കുന്നതുകൊണ്ടുള്ള പ്രയോജനമെന്ത്? (1)
c) കൃഷ്ണഗാഥയിൽ ആരുടെ കഥയാണ് പറയുന്നത്? (1)
d) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. (1)

**2. ശരിയായ ഉത്തരം എഴുതുക.**
a) 'വണ്ടി' എന്ന പദത്തിന്റെ പര്യായപദങ്ങൾ എഴുതുക. (1)
b) 'ധോരണി' എന്ന പദത്തിന്റെ നാനാർത്ഥപദങ്ങൾ എഴുതുക. (1)
c) കരിക്കൊടി വള്ളിയിൽ ഊഞ്ഞാലാടുന്നതാര്? (1)

**3. വാക്യത്തിലെ തെറ്റ് തിരുത്തുക.** (1)
a) പൊതിയുമായി മുറ്റത്തുനിന്ന് ഒട്ടു സ്വയമായി തനിയെ അയാൾ വിളിച്ചു ചോദിച്ചു.

**4. അംഗ അംഗിവാക്യം തരംതിരിക്കുക.** (1)
a) സന്തോഷത്തോടെ അവന്റെ ചുമലിൽ തട്ടിയിട്ട് അയാൾ തന്റെ പണിക്കു പോയി.

**5. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** (1)
a) ഇതെല്ലാം

**6. വിഗ്രഹിച്ചെഴുതി സമാസം കണ്ടെത്തുക.** (1)
a) സുന്ദരജീവിതം

7. **അർത്ഥവ്യത്യാസം കണ്ടെത്തുക.** (1)

a) മഹി , അഹി

8. **ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** (4)

a) ആദ്യത്തെ പൂവ് വിരിഞ്ഞപ്പോൾ കുട്ടനും പ്രകൃതിക്കുമുണ്ടായ ഭാവഭേദങ്ങൾ എന്തെല്ലാമായിരുന്നു? വിവരിക്കുക.

**അല്ലെങ്കിൽ**

b) തേൻവരിക്ക എന്ന കഥയിൽ പ്ലാവ് ഒരു കഥാപാത്രമായി മാറുന്നതെങ്ങനെയെന്ന് വിവരിക്കുക.

9. **ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** (4)

a) 'തികച്ചും വ്യത്യസ്തനായ സന്യാസി ശ്രേഷ്ഠനായിരുന്നു നരേന്ദ്രൻ'..വിവരിക്കുക.

**അല്ലെങ്കിൽ**

b) ഗുരുവിൽ നിന്നും തനിക്ക് മതസമ്മേളനത്തിനു പോകാൻ അനുവാദം ലഭിച്ചിരിക്കുന്നുവെന്ന് നരേന്ദ്രനു ബോധ്യമായതെങ്ങനെ? വിവരിക്കുക.

.

SET:1

# INDIAN SCHOOL SOHAR
## PERIODIC TEST- III (2019-20)
## MALAYALAM

CLASS:IX MAX. MARKS: 20

DATE: 12 /01/2020 DURATION: 40 MINS

**1.താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

നമ്മുടെ മാതൃഭാഷയായ മലയാളത്തെക്കുറിച്ച് പാടാത്ത കവികളില്ല. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അമ്മയുടെ മുലപ്പാലുപോലെ പ്രധാനമാണ് അവന്റെ മാതൃഭാഷ. മലയാളം മാതൃഭാഷയാകുന്നതുകൊണ്ടാണ് കേരളീയരെ മലയാളികൾ എന്ന് വിളിക്കുന്നത്. മലയാളത്തിന് കെട്ടുറപ്പും സൗന്ദര്യവുമുള്ള ഒരു ഭാഷാശൈലി സമ്മാനിച്ച തുഞ്ചത്തെഴുത്തച്ഛനെയാണ് മലയാളഭാഷയുടെ പിതാവ് എന്ന ബഹുമതി നല്കി നാം ആദരിക്കുന്നത്. തുള്ളൽപ്പാട്ടുകളെഴുതി നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത കുഞ്ചൻ നമ്പ്യാർ, ശ്രീകൃഷ്ണന്റെ ജീവിതകഥ വിവരിക്കുന്ന കൃഷ്ണഗാഥ എന്ന ഒറ്റ കൃതിയിലൂടെ ഇന്നും നാം ഓർമ്മിക്കുന്ന ചെറുശ്ശേരി തുടങ്ങി എത്രയോ മഹാൻമാരാണ് നമ്മുടെ ഭാഷയുടെ വളർച്ചയിൽ പങ്കുവഹിച്ചിട്ടുള്ളത്.

ബുദ്ധി വളർത്തുന്ന കടങ്കഥകളും ചിന്തിപ്പിക്കുന്ന പഴഞ്ചൊല്ലുകളുമെല്ലാം കൈരളി നമുക്കു തന്ന അമൂല്യ രത്നങ്ങളാണ്. അവ പഠിക്കുകയും ശേഖരിക്കുകയും ചെയ്യുന്നത് ഭാഷാപരമായ അറിവിനും വിനോദത്തിനും നല്ലതാണ്.മാതാവിനെയും മാതൃഭാഷയേയും സ്നേഹിക്കുന്നവൻ രാജ്യത്തെയും ഭൂമിയെയും സ്നേഹിക്കും മനസ്സിൽ നൻമയുള്ളവനായി വളരുകയും ചെയ്യും.

a) നമ്മെ മലയാളികൾ എന്നു വിളിക്കുന്നത് എന്തുകൊണ്ട്? (1)

b) എഴുത്തച്ഛനെ മലയാളഭാഷയുടെ പിതാവ് എന്നു വിളിക്കുന്നത് എന്തുകൊണ്ട്? (1)

c) കൃഷ്ണഗാഥയിൽ ആരുടെ കഥയാണ് പറയുന്നത്? (1)

d) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. (1)

**2. ശരിയായ ഉത്തരം എഴുതുക.**

a) 'സംശയം' എന്ന പദത്തിന്റെ പര്യായപദങ്ങൾ എഴുതുക. (1)

b) 'മലർ' എന്ന പദത്തിന്റെ നാനാർത്ഥപദങ്ങൾ എഴുതുക. (1)

c) അന്തിയായാൽ വിളക്കു കത്തിക്കുന്നതിന് ത്വരയാർന്നിരിക്കുന്നതാര്? (1)

**3. വാക്യത്തിലെ തെറ്റ് തിരുത്തുക.** (1)

a) കടത്തുകാരനോടൊപ്പം താമസിച്ചു വസിച്ച് സിദ്ധാർഥൻ വഞ്ചി തുഴയാൻ പഠിച്ചു..

**4. അംഗ അംഗിവാക്യം തരംതിരിക്കുക.** (1)

a) തുടപ്പുതുണി കഴുകിയത് മുറുക്കിപ്പിഴിഞ്ഞുകൊണ്ട് ശങ്കരൻ കുട്ടി ലോറിക്കടുത്തേക്കു വന്നു.

**5. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** (1)

a) തടിയിൽ

**6. വിഗ്രഹിച്ചെഴുതി സമാസം കണ്ടെത്തുക.** (1)

a) ഉൽക്കടഭാരം

**7. അർത്ഥവ്യത്യാസം കണ്ടെത്തുക.** (1)

a) ഗുണം , ഗണം

**8. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** (4)

a) കുപ്പിവളകളുടെ മന്ദ്രനാദം കണ്ണമ്മയിൽ വരുത്തിയ മാറ്റം എന്താണ്?

**അല്ലെങ്കിൽ**

b) തേൻവരിക്ക എന്ന കഥയ്ക്ക് ഒരു നിരൂപണം തയ്യാറാക്കുക.

**9. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** (4)

a) ശ്രീരാമകൃഷ്ണമിഷൻ അസോസിയേഷൻ സ്ഥാപിച്ചത് ആരായിരുന്നു? അതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു?

**അല്ലെങ്കിൽ**

b) തേജസ്വിയായ വാഗ്മിയായി എല്ലാവരും വിവേകാനന്ദനെ കണ്ടതെങ്ങനെ? വിവരിക്കുക.

.